## മധുരമായ കുട്ടികളേ - ബാബ എന്താണോ കേൾപ്പിക്കുന്നത്, അത് നിങ്ങളുടെ ഹൃദയത്തിൽ പതിയണം, നിങ്ങൾ ഇവിടെ വന്നിരിക്കുന്നത് സൂര്യവംശീ കുലത്തിൽ ഉയർന്ന പദവി പ്രാപ്തമാക്കാനാണ്, അതിനാൽ ധാരണയും ചെയ്യണം

**ചോദ്യം:-** സദാ റിഫ്രഷായിരിക്കുന്നതിനുള്ള മാർഗ്ഗം എന്താണ്?
**ഉത്തരം:-** എങ്ങനെയാണോ ചൂടുള്ളപ്പോൾ ഫാൻ പ്രവർത്തിപ്പിച്ചാൽ റിഫ്രഷാകുന്നത്, അതുപോലെ സദാ സ്വദർശന ചക്രം കറക്കിക്കൊണ്ടിരിക്കൂ എങ്കിൽ റിഫ്രഷായിരിക്കും. കുട്ടികൾ ചോദിക്കുന്നു- സ്വദർശന ചക്രധാരിയാകുന്നതിന് എത്ര സമയമെടുക്കും? ബാബ പറയുന്നു- കുട്ടികളേ, ഒരു സെക്കന്റ്. നിങ്ങൾ കുട്ടികൾക്ക് തീർച്ചയായും സ്വദർശന ചക്രധാരിയായി മാറണം എന്തുകൊണ്ടെന്നാൽ ഇതിലൂടെത്തന്നെയാണ് നിങ്ങൾ ചക്രവർത്തീ രാജാവായി മാറുന്നത്. സ്വദർശന ചക്രം കറക്കുന്നവർ സൂര്യവംശിയായി മാറും.

**ഓംശാന്തി**. ഫാൻ കറങ്ങി എല്ലാവരേയും റിഫ്രഷാക്കുന്നു. നിങ്ങളും സ്വദർശന ചക്രധാരിയായി ഇരിക്കുകയാണെങ്കിൽ വളരെ റിഫ്രഷാകുന്നു. സ്വദർശന ചക്രത്തിന്റെ അർത്ഥവും ആരും അറിയുന്നില്ല, അതിനാൽ അവർക്ക് മനസ്സിലാക്കിക്കൊടുക്കണം. മനസ്സിലാക്കുന്നില്ലെങ്കിൽ ചക്രവർത്തീ രാജാവാകാൻ സാധിക്കില്ല. സ്വദർശന ചക്രധാരികൾക്ക് നിശ്ചയമുണ്ടാകും ഞങ്ങൾ ചക്രവർത്തീ രാജാവാകുന്നതിനായാണ് സ്വദർശന ചക്രധാരിയായി മാറിയിരിക്കുന്നത്. കൃഷ്ണന്റെ കൈയ്യിലും ചക്രം കാണിക്കുന്നു. ലക്ഷ്മീ നാരായണന്മാരുടെ ഒരുമിച്ചുള്ള രൂപത്തിലും ചക്രം കാണിക്കുന്നു, ഒറ്റയ്ക്കുള്ളതിലും ചക്രം കാണിക്കുന്നു. സ്വദർശന ചക്രത്തേയും മനസ്സിലാക്കണം അപ്പോഴേ ചക്രവർത്തീ രാജാവാകാൻ കഴിയൂ. കാര്യം വളരെ സഹജമാണ്. കുട്ടികൾ ചോദിക്കുന്നു- ബാബാ, സ്വദർശന ചക്രധാരിയാകാൻ എത്ര സമയമെടുക്കും? കുട്ടികളേ, ഒരു സെക്കന്റ്. പിന്നീട് നിങ്ങൾ വിഷ്ണുവംശിയാകുന്നു. ദേവതകളെ വിഷ്ണുവംശീ എന്നുതന്നെയാണ് പറയുക. വിഷ്ണുവംശിയാകുന്നതിന് ആദ്യം ശിവവംശിയാകേണ്ടതുണ്ട് പിന്നീട് ബാബ സൂര്യവംശിയാക്കി മാറ്റും. വാക്ക് വളരെ സഹജമാണ്. നമ്മൾ പുതിയ വിശ്വത്തിൽ സൂര്യവംശിയാകും. നമ്മൾ പുതിയ ലോകത്തിലെ അധികാരിയായ ചക്രവർത്തിയാകും. സ്വദർശന ചക്രധാരിയ്ക്ക് വിഷ്ണുവംശിയാകാൻ ഒരു സെക്കന്റാണ് എടുക്കുന്നത്. ആക്കിമാറ്റുന്നത് ശിവബാബയാണ്. ശിവബാബയാണ് വിഷ്ണുവംശിയാക്കുന്നത്, മറ്റാർക്കും ആക്കിമാറ്റാൻ സാധിക്കില്ല. നിങ്ങൾ കുട്ടികൾക്ക് ഇതറിയാം വിഷ്ണുവംശികൾ സത്യയുഗത്തിലാണ് ഉണ്ടാവുക, ഇവിടെയല്ല. ഇത് വിഷ്ണുവംശിയാകുന്നതിനുള്ള യുഗമാണ്. നിങ്ങൾ ഇവിടേയ്ക്ക് വരുന്നത് തന്നെ വിഷ്ണുവംശത്തിലേയ്ക്ക് പോകുന്നതിനായാണ്, അതിനെത്തന്നെയാണ് സൂര്യവംശം എന്നും പറയുന്നത്. ജ്ഞാന സൂര്യവംശം എന്ന പദം വളരെ നല്ലതാണ്. വിഷ്ണുവായിരുന്നു സത്യയുഗത്തിന്റെ അധികാരി. അതിൽ ലക്ഷ്മി, നാരായണൻ രണ്ടുപേരുമുണ്ട്. ഇവിടേയ്ക്ക് കുട്ടികൾ വന്നിരിക്കുന്നത് ലക്ഷ്മീ നാരായണൻ അഥവാ വിഷ്ണുവംശിയാകുന്നതിനുവേണ്ടിയാണ്. ഇതിൽ വളരെ അധികം സന്തോഷവുമുണ്ടാകുന്നു. പുതിയ ലോകത്തിൽ, പുതിയ വിശ്വത്തിൽ, സ്വർണ്ണിമ ലോകത്തിൽ വിഷ്ണുവംശിയാകണം. ഇതിലും ഉയർന്ന പദവി മറ്റൊന്നില്ല, അതിനാൽ വളരെ അധികം സന്തോഷം ഉണ്ടാകണം.

പ്രദർശിനികളിൽ നിങ്ങൾ മനസ്സിലാക്കിക്കൊടുക്കുന്നുണ്ട്. നിങ്ങളുടെ പ്രധാന ലക്ഷ്യവും ഇതുതന്നെയാണ്. പറയൂ, ഇത് വളരെ വലിയ യൂണിവേഴ്സിറ്റിയാണ്. ഇതിനെ പറയുന്നത് ആത്മീയ യൂണിവേഴ്സിറ്റി എന്നാണ്. പ്രധാന ലക്ഷ്യം ഈ ചിത്രത്തിലുണ്ട്. കുട്ടികൾ ഇത് ബുദ്ധിയിൽ വെയ്ക്കണം. ഒരു സെക്കന്റുകൊണ്ട് കുട്ടികൾക്ക് മനസ്സിലാക്കിക്കൊടുക്കാൻ എങ്ങനെ എഴുതണം. നിങ്ങൾക്കേ മനസ്സിലാക്കിക്കൊടുക്കാൻ കഴിയൂ. അതിലും എഴുതിയിട്ടുണ്ട് നമ്മൾ തീർച്ചയായും വിഷ്ണുവംശീ ദേവീദേവതയായിരുന്നു അർത്ഥം ദേവീദേവതാ കുലത്തിലേതായിരുന്നു. സ്വർഗ്ഗത്തിന്റെ അധികാരികളായിരുന്നു. ബാബ മനസ്സിലാക്കിത്തരുന്നു- മധുര മധുരമായ കുട്ടികളേ- ഭാരതത്തിൽ 5000 വർഷങ്ങൾക്കുമുമ്പ് നിങ്ങൾ സൂര്യവംശീ ദേവീദേവതകളായിരുന്നു. ഇപ്പോൾ ഇത് കുട്ടികളുടെ ബുദ്ധിയിൽ വന്നു. ശിവബാബ കുട്ടികളോട് പറയുന്നു- അല്ലയോ മക്കളേ, നിങ്ങൾ സത്യയുഗത്തിൽ സൂര്യവംശികളായിരുന്നു. സൂര്യവംശീ കുലം സ്ഥാപന ചെയ്യാൻ ശിവബാബ വന്നിരുന്നു. തീർച്ചയായും ഭാരതം സ്വർഗ്ഗമായിരുന്നു. പൂജ്യരായിരുന്നു, പൂജാരികളായി ആരുമുണ്ടായിരുന്നില്ല. പൂജയ്ക്കുള്ള ഒരു സാമഗ്രിയും ഉണ്ടായിരുന്നില്ല. ഈ ശാസ്ത്രങ്ങളിലാണ് പൂജയ്ക്കുള്ള ആചാരങ്ങളും രീതികളും എഴുതിയിരിക്കുന്നത്. ഇതാണ് സാമഗ്രി. അതിനാൽ പരിധിയില്ലാത്ത പിതാവായ ശിവബാബ ഇരുന്ന് മനസ്സിലാക്കിത്തരികയാണ്. ബാബ ജ്ഞാന

സാഗരനും സൃഷ്ടി വൃക്ഷത്തിന്റെ ബീജസ്വരൂപനുമാണ്. ബാബയെ വൃക്ഷപതി അഥവാ ബൃഹസ്പതി എന്നും വിളിക്കാറുണ്ട്. ബൃഹസ്പതിയുടെ ദശ അതിശ്രേഷ്ഠമാണ്. വൃക്ഷപതി നിങ്ങൾക്ക് മനസ്സിലാക്കിത്തരുകയാണ്– നിങ്ങൾ പൂജ്യ ദേവീദേവതകളായിരുന്നു പിന്നീട് പൂജാരികളായി മാറി. നിർവ്വികാരികളായിരുന്ന ദേവതകൾ എവിടെപ്പോയി? തീർച്ചയായും പുനർജന്മം എടുത്ത് എടുത്ത് താഴേയ്ക്ക് ഇറങ്ങിവരും. അതിനാൽ ഓരോ വാക്കും കുറിച്ചുവെയ്ക്കണം. കടലാസിലോ അതോ ഹൃദയത്തിലോ? ഇത് ആരാണ് മനസ്സിലാക്കിത്തരുന്നത്? ശിവബാബ. ബാബയാണ് സ്വർഗ്ഗം രചിക്കുന്നത്. ശിവബാബതന്നെയാണ് മക്കൾക്ക് സ്വർഗ്ഗത്തിന്റെ സമ്പത്ത് നൽകുന്നത്. അച്ഛനല്ലാതെ മറ്റാർക്കും നൽകാൻ സാധിക്കില്ല. ലൗകിക പിതാവ് ദേഹധാരിയാണ്. നിങ്ങൾ സ്വയം ആത്മാവാണെന്നു മനസ്സിലാക്കി പാരലൗകിക പിതാവിനെ ബാബാ എന്നോർമ്മിക്കുന്നു– അപ്പോൾ ബാബയും പ്രതികരിക്കുന്നു– അല്ലയോ മക്കളേ. അപ്പോൾ പരിധിയില്ലാത്ത അച്ഛനായില്ലേ. കുട്ടികളേ, നിങ്ങൾ പൂജ്യരായ സൂര്യവംശീ ദേവീ ദേവതകളായിരുന്നു പിന്നീടാണ് നിങ്ങൾ പൂജാരികളായി മാറിയത്. ഇതാണ് രാവണന്റെ രാജ്യം. ഓരോ വർഷവും രാവണനെ കത്തിക്കുന്നുണ്ട്, എന്നിട്ടും മരിക്കുന്നില്ല. 12 മാസങ്ങൾക്കുശേഷവും രാവണനെ കത്തിക്കും. ഞങ്ങൾ രാവണ സമ്പ്രദായത്തിലേതാണെന്ന് തെളിയിച്ച് കാണിച്ചുതരുന്നു. രാവണൻ അർത്ഥം 5 വികാരങ്ങളുടെ രാജ്യം നിലനിൽക്കുന്നുണ്ട്. സത്യയുഗത്തിൽ എല്ലാവരും ശ്രേഷ്ഠാചാരികളായിരുന്നു, ഇപ്പോൾ ഇത് പഴകിയ കലിയുഗീ ഭ്രഷ്ടാചാരീ ലോകമാണ്, ഈ ചക്രം കറങ്ങിക്കൊണ്ടേയിരിക്കും. ഇപ്പോൾ നിങ്ങൾ പ്രജാപിതാ ബ്രഹ്മാവംശീ സംഗമയുഗത്തിൽ ഇരിക്കുകയാണ്. നിങ്ങളുടെ ബുദ്ധിയിൽ നമ്മൾ ബ്രാഹ്മണരാണ് എന്ന കാര്യമുണ്ട്. ഇപ്പോൾ ശൂദ്രകുലത്തിലേതല്ല. ഈ സമയത്ത് ആസുരീയ രാജ്യമാണ്. ബാബയെ വിളിക്കുന്നു– അല്ലയോ ദുഃഖഹർത്താവേ, സുഖകർത്താവേ എന്ന്. ഇപ്പോൾ സുഖം എവിടെയാണ്? സത്യയുഗത്തിൽ. ദുഃഖം എവിടെയാണ്? ദുഃഖം കലിയുഗത്തിലാണ്. ശിവബാബയാണ് ദുഃഖഹർത്താവും സുഖ കർത്താവും. ബാബ നൽകുന്ന സമ്പത്തുതന്നെ സുഖത്തിന്റേതാണ്. സത്യയുഗത്തെ സുഖധാമം എന്നാണ് പറയുന്നത്, അവിടെ ദുഃഖത്തിന്റെ പേരുപോലുമില്ല. നിങ്ങളുടെ ആയുസ്സും കൂടുതലായിരിക്കും, കരയേണ്ട ആവശ്യമില്ല. സമയമാകുമ്പോൾ പഴയ ശരീരം ഉപേക്ഷിച്ച് പുതിയത് എടുക്കുന്നു. ഇപ്പോൾ ശരീരത്തിന് പ്രായമായി എന്ന് മനസ്സിലാക്കും. ആദ്യം കുട്ടികൾ സതോഗുണിയായിരിക്കും അതിനാലാണ് കുട്ടികളെ ബ്രഹ്മജ്ഞാനികളേക്കാൾ ശ്രേഷ്ഠരായി കരുതുന്നത് എന്തുകൊണ്ടെന്നാൽ അവർ വികാരീ ഗൃഹസ്ഥിയിൽ നിന്നാണ് സന്യാസിയായി മാറിയത്, അതിനാൽ അവർക്ക് എല്ലാ വികാരങ്ങളേയും അറിയാം. ചെറിയ കുട്ടികൾക്ക് ഇതിന്റെ അറിവുണ്ടാകില്ല. ഈ സമയത്ത് മുഴുവൻ ലോകത്തിലും രാവണ രാജ്യമാണ്, ഭ്രഷ്ടാചാരത്തിന്റെ ലോകമാണ്. ശ്രേഷ്ഠാചാരീ ദേവീദേവതകളുടെ ലോകം സത്യയുഗത്തിലായിരുന്നു, ഇപ്പോഴില്ല. വീണ്ടും ചരിത്രം ആവർത്തിക്കും. ആരാണ് ശ്രേഷ്ഠാചാരിയാക്കി മാറ്റുക? ഇവിടെയാണെങ്കിൽ ശ്രേഷ്ഠാചാരിയായി ഒരാൾ പോലുമില്ല. ഇതിൽ വളരെ നല്ല ബുദ്ധിവേണം. ഇതുതന്നെയാണ് പവിഴബുദ്ധിയാകുന്നതിനുള്ള യുഗം. ബാബ വന്ന് കല്ലുബുദ്ധിയിൽ നിന്ന് പവിഴബുദ്ധിയാക്കി മാറ്റുന്നു.

സത്സംഗം ഉയർത്തും കുസംഗം മുക്കിക്കളയും എന്ന് പറയാറുണ്ട്. സത്യമായ ബാബ ഒഴികെ ബാക്കി ഈ ലോകത്തിലുള്ളതെല്ലാം മോശമായ സംഗങ്ങൾ തന്നെയാണ്. ബാബ പറയുന്നു ഞാൻ സമ്പൂർണ്ണ നിർവ്വികാരിയാക്കി മാറ്റിയിട്ടാണ് പോകുന്നത്. പിന്നീട് സമ്പൂർണ്ണ വികാരിയാക്കി മാറ്റുന്നത് ആരാണ്? പറയുന്നു, ഞങ്ങൾക്ക് എന്തറിയാം! അല്ലാ, നിർവ്വികാരിയാക്കി മാറ്റുന്നത് ആരാണ്? തീർച്ചയായും ബാബയായിരിക്കും. വികാരിയാക്കി മാറ്റുന്നത് ആരാണ്? ഇത് ആർക്കും അറിയില്ല. ബാബ ഇരുന്ന് മനസ്സിലാക്കിത്തരുകയാണ്. മനുഷ്യർക്കാണെങ്കിൽ ഒന്നും അറിയില്ല. രാവണരാജ്യമല്ലേ. ആരുടേയെങ്കിലും അച്ഛൻ മരിക്കുകയാണെങ്കിൽ അവരോട് ചോദിക്കൂ അച്ഛൻ എവിടേയ്ക്ക് പോയി? പറയും സ്വർഗ്ഗവാസിയായി. ശരി, അതിനർത്ഥം മുമ്പ് നരകത്തിലായിരുന്നു എന്നല്ലേ. അപ്പോൾ നിങ്ങളും നരകവാസിയല്ലേ. എത്ര സഹജമായി മനസ്സിലാക്കിക്കൊടുക്കേണ്ട കാര്യമാണ്. സ്വയം നരകവാസിയാണ് എന്ന് ആരും മനസ്സിലാക്കുന്നില്ല. നരകത്തെ വേശ്യാലയം എന്നും സ്വർഗ്ഗത്തെ ശിവാലയം എന്നുമാണ് പറയുന്നത്. ഇതിന് 5000 വർഷങ്ങൾക്കുമുമ്പ് ദേവീദേവതകളുടെ രാജ്യമുണ്ടായിരുന്നു. നിങ്ങൾ വിശ്വത്തിന്റെ അധികാരിയായ മഹാരാജാവും മഹാറാണിയുമായിരുന്നു പക്ഷേ പുനർജന്മം എടുക്കേണ്ടതുണ്ട്. ഏറ്റവും കൂടുതൽ പുനർജന്മങ്ങൾ എടുക്കുന്നത് നിങ്ങളാണ്. അതിനാലാണ് ഗീതമുള്ളത്– ആത്മാക്കളും പരമാത്മാവും വളരെക്കാലം അകന്നിരുന്നു... നിങ്ങൾക്ക് ഓർമ്മയുണ്ട് നിങ്ങൾ ആദി സനാതന ദേവീ–ദേവതകളാണ് ആദ്യം വരുന്നത് പിന്നീട് 84 ജന്മങ്ങൾ എടുത്ത് പതിതമായി, ഇപ്പോൾ വീണ്ടും പാവനമാകണം. പതിത പാവനാ വരൂ എന്നു പറഞ്ഞ് വിളിക്കുന്നുമുണ്ടല്ലോ, ഇത് സർട്ടിഫിക്കറ്റ് നൽകലാണ് ഒരേ ഒരു സുപ്രീം സദ്ഗുരുവാണ് വന്ന് പാവനമാക്കി മാറ്റുന്നത്. സ്വയം പറയുന്നു ഇദ്ദേഹത്തിലിരുന്ന് ഞാൻ നിങ്ങളെ പാവനമാക്കി മാറ്റുന്നു. അല്ലാതെ 84 ലക്ഷം ജന്മങ്ങളൊന്നുമില്ല. 84 ജന്മങ്ങളാണ്. ഈ ലക്ഷ്മീ–നാരായണന്മാരുടെ പ്രജകൾ സത്യയുഗത്തിലുണ്ടായിരുന്നു, ഇപ്പോഴില്ല, എവിടെപ്പോയി? അവർക്കും 84 ജന്മങ്ങൾ എടുക്കേണ്ടിവരും.

ആരാണോ ആദ്യ നമ്പറിൽ വരുന്നത് അവർതന്നെയാണ് പൂർണ്ണമായി 84 ജന്മങ്ങൾ എടുക്കുന്നത്. അതിനാൽ പിന്നീട് അവർക്കുതന്നെ ആദ്യം പോവുകയും വേണം. ദേവീദേവതകളുടെ ലോകത്തിലെ ചരിത്രം ആവർത്തിക്കും. സൂര്യവംശീ ചന്ദ്രവംശീ രാജ്യം പൂർണ്ണമായും ആവർത്തിക്കും. ബാബ നിങ്ങളെ യോഗ്യരാക്കി മാറ്റുകയാണ്. നിങ്ങൾ പറയുന്നുണ്ട് നമ്മൾ പാഠശാല അഥവാ യൂണിവേഴ്സിറ്റിയിലേയ്ക്ക് വന്നിരിക്കുകയാണ്, ഇവിടെയാണ് നമ്മൾ നരനിൽ നിന്നും നാരായണനായി മാറുന്നത്. നമ്മുടെ പ്രധാന ലക്ഷ്യം ഇതുതന്നെയാണ്. ആരാണോ നല്ലരീതിയിൽ പുരുഷാർത്ഥം ചെയ്യുന്നത് ആവരാണ് വിജയിക്കുന്നത്. ആരാണോ പുരുഷാർത്ഥം ചെയ്യാത്തത് അവർ പ്രജയാകും ചിലർ ധനവാനായ പ്രജയാകും ചിലർക്ക് ധനം കുറവായിരിക്കും. ഇവിടെ രാജധാനി ഉണ്ടാകുകയാണ്. നിങ്ങൾക്ക് അറിയാം നമ്മൾ ശ്രീമതത്തിലൂടെ ശ്രേഷ്ഠമാവുകയാണ്. ശ്രീ ശ്രീ ശിവബാബയുടെ മതത്തിലൂടെ ശ്രീ ലക്ഷ്മീ ശ്രീ നാരായണൻ അഥവാ ദേവീ ദേവതയായി മാറുകയാണ്. ശ്രീ അർത്ഥം ശ്രേഷ്ഠം. ഇപ്പോൾ ആരെയും ശ്രീ എന്നു വിളിക്കാൻ കഴിയില്ല. പക്ഷേ ഇവിടെ ആര് വന്നാലും അവരെ ശ്രീ എന്നു വിളിക്കുന്നു. ശ്രീ ഇന്നയാൾ... ഇപ്പോൾ ശ്രേഷ്ഠമാകാൻ ദേവീ ദേവതകൾക്കല്ലാതെ മറ്റാർക്കും സാധിക്കില്ല. ഭാരതം ശ്രേഷ്ഠത്തിലും ശ്രേഷ്ഠമായിരുന്നു. രാവണരാജ്യത്തിൽ ഭാരതത്തിന്റെ മഹിമയെത്തന്നെ ഇല്ലാതാക്കി. ഭാരതത്തിന് മഹിമയും കൂടുതലാണ് അതുപോലെ ഗ്ലാനിയും കൂടുതലാണ്. ഭാരതം വളരെ ധനവാനായിരുന്നു ഇപ്പോൾ തീർത്തും പാപ്പരാണ്. ദേവതകളുടെ മുന്നിൽ ചെന്ന് അവരുടെ മഹിമ പാടുന്നു- ഞങ്ങൾ നിർഗുണരാണ് ഞങ്ങളിൽ ഒരു മഹിമയുമില്ല... ദേവതകളോട് ചോദിക്കുന്നു പക്ഷേ അവർ ദയാഹൃദയരായിരുന്നോ. ആരാണോ മനുഷ്യനിൽ നിന്നും ദേവതയാക്കി മാറ്റുന്നത് ആ ഒരേ ഒരാളെയാണ് ദയാഹൃദയൻ എന്നു വിളിക്കുന്നത്. ഇപ്പോൾ ആ ഒരാൾ നിങ്ങളുടെ അച്ഛനുമാണ്, ടീച്ചറുമാണ്, സദ്ഗുരുവുമാണ്. ഗ്യാരണ്ടി നൽകുന്നു- എന്നെ ഓർമ്മിക്കുന്നതിലൂടെ നിങ്ങളുടെ ജന്മ ജന്മാന്തരങ്ങളിലെ പാപം ഇല്ലാതാകും മാത്രമല്ല നിങ്ങളെ കൂടെക്കൊണ്ടുപോവുകയും ചെയ്യും. പിന്നീട് നിങ്ങൾക്ക് പുതിയ ലോകത്തിലേയ്ക്ക് പോകണം. ഇത് 5000 വർഷത്തിന്റെ ചക്രമാണ്. പുതിയ ലോകമുണ്ടായിരുന്നു ഇനി വീണ്ടും ഉണ്ടാകും. ലോകം പതിതമാകും പിന്നീട് ബാബ വന്ന് പാവനമാക്കി മാറ്റുന്നു. ബാബ പറയുന്നു പതിതമാക്കി മാറ്റുന്നത് രാവണനാണ്, പാവനമാക്കി മാറ്റുന്നത് ഞാനും. ബാക്കി ലോകം മുഴുവൻ പാവകളുടെ പൂജ ചെയ്തുകൊണ്ടിരിക്കുകയാണ്. രാവണന് 10 തലകൾ കാണിച്ചിരിക്കുന്നത് എന്തിനാണ്? എന്നതുപോലും ആർക്കും അറിയില്ല. വിഷ്ണുവിനും 4 കൈകൾ കാണിച്ചിരിക്കുന്നു. എന്നാൽ ഇങ്ങനെയുള്ള മനുഷ്യർ എപ്പോഴെങ്കിലും ഉണ്ടാകുമോ. അഥവാ 4 കൈകളുള്ള മനുഷ്യരുണ്ടെങ്കിൽ അവർക്ക് ഉണ്ടാകുന്ന കുട്ടികളും അങ്ങനെയായിരിക്കും. ഇവിടെയാണെങ്കിൽ എല്ലാവർക്കും 2 കൈകളാണുള്ളത്. ഒന്നും അറിയുന്നില്ല. ഭക്തിമാർഗ്ഗത്തിൽ ശാസ്ത്രത്തെ മുഴുവൻ തെറ്റായി കാണിച്ചിരിക്കുന്നു, എന്നിട്ടും അവർക്ക് എത്ര ശിഷ്യന്മാരാണ്. അത്ഭുതമാണ്! ഇവിടെയാണെങ്കിൽ ബാബ ജ്ഞാനത്തിന്റെ സർവ്വാധികാരിയാണ്. ഒരു മനുഷ്യനും ജ്ഞാനത്തിന്റെ അധികാരിയാകാൻ സാധിക്കില്ല. ജ്ഞാനസാഗരൻ എന്ന് നിങ്ങൾ എന്നെയാണ് വിളിക്കുന്നത് - സർവ്വശക്തിവാൻ... എന്നത് ബാബയുടെ മഹിമയാണ്. നിങ്ങൾ ബാബയെ ഓർമ്മിക്കുമ്പോൾ ബാബയിൽ നിന്നും ശക്തി എടുക്കുകയാണ്, ഇതിലൂടെ നിങ്ങൾ വിശ്വത്തിന്റെ അധികാരിയായി മാറുന്നു. നിങ്ങൾ മനസ്സിലാക്കുന്നുണ്ട് നമുക്ക് വളരെ അധികം ശക്തിയുണ്ടായിരുന്നു, നമ്മൾ നിർവ്വികാരികളായിരുന്നു. മുഴുവൻ വിശ്വത്തിലും തനിച്ച് രാജ്യം ഭരിച്ചിരുന്നു അപ്പോൾ സർവ്വശക്തിവാൻ എന്ന് വിളിക്കില്ലേ. ഈ ലക്ഷ്മീ നാരായണന്മാർ വിശ്വത്തിന്റെ അധികാരികളായിരുന്നു. ഈ ശക്തി അവർക്ക് എവിടെ നിന്നാണ് ലഭിച്ചത്? ബാബയിൽ നിന്ന്. ഉയർന്നതിലും ഉയർന്ന ഭഗവാനല്ലേ. എത്ര സഹജമായാണ് മനസ്സിലാക്കിത്തരുന്നത്. ഈ 84 ന്റെ ചക്രത്തെ മനസ്സിലാക്കുന്നത് സഹജമല്ലേ. ഇതിലൂടെതന്നെയാണ് നിങ്ങൾക്ക് ചക്രവർത്തീ പദവി ലഭിക്കുന്നത്. പതിതർക്ക് വിശ്വരാജ്യ അധികാരം ലഭിക്കുകയില്ല. പതിതർ അവരുടെ മുന്നിൽ തലകുനിക്കുകയാണ് ചെയ്യുക. മനസ്സിലാക്കുന്നുണ്ട് ഞങ്ങൾ ഭക്തരാണ്. പാവനമായവരുടെ മുന്നിൽ തലകുനിക്കുന്നു. ഭക്തിമാർഗ്ഗവും അരകല്പം നടക്കുന്നുണ്ട്. ഇപ്പോൾ നിങ്ങൾക്ക് ഭഗവാനെ ലഭിച്ചു. ഭഗവാന്റെ വാക്കുകളാണ്- ഞാൻ നിങ്ങളെ രാജയോഗം പഠിപ്പിക്കുകയാണ്, ഭക്തിയുടെ ഫലം നൽകാൻ വന്നിരിക്കുകയാണ്. പാടുന്നുമുണ്ട് ഭഗവാൻ ഏതെങ്കിലും രൂപത്തിൽ വരുമെന്ന്. ബാബ പറയുന്നു ഞാൻ കാളവണ്ടിയിലൊന്നുമല്ല വരുന്നത്. ആരാണോ ശ്രേഷ്ഠത്തിലും ശ്രേഷ്ഠമായിരുന്നത്, 84 ജന്മങ്ങൾ പൂർത്തിയാക്കിയത്, അവരിലാണ് വരുന്നത്. ഉത്തമപുരുഷൻ ഉണ്ടാകുന്നത് സത്യയുഗത്തിലാണ്. കലിയുഗത്തിൽ കനിഷ്ടരാണ്, തമോപ്രധാനമാണ്. ഇപ്പോൾ നിങ്ങൾ തമോപ്രധാനത്തിൽ നിന്നും സതോപ്രധാനമായി മാറുകയാണ്. ബാബ വന്ന് തമോപ്രധാനത്തിൽ നിന്നും സതോപ്രധാനമാക്കി മാറ്റുകയാണ്. ഇത് കളിയാണ്. അഥവാ ഇതിനെ മനസ്സിലാക്കുന്നില്ലെങ്കിൽ ഒരിയ്ക്കലും സ്വർഗ്ഗത്തിൽ വരില്ല. ശരി!

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുര മധുരമായ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും സുപ്രഭാതവും ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക്

നമസ്കാരം.

**ധാരണയ്ക്കുള്ള മുഖ്യമായ സാരം:-**

1. ഒരേ ഒരു ബാബയുടെ സംഗത്തിലിരുന്ന് സ്വയം പവിഴബുദ്ധിയായി മാറണം. സമ്പൂർണ്ണ നിർവ്വികാരി യായി മാറണം. കുസംഗത്തിൽ നിന്നും മാറിയിരിക്കണം.

2. സദാ ഈ സന്തോഷത്തിൽ ഇരിക്കണം നമ്മൾ സ്വദർശ ചക്രധാരികൾ തന്നെയാണ് പുതിയ ലോക ത്തിന്റെ അധികാരിയായ ചക്രവർത്തിയായി മാറുന്നത്. ശിവബാബ വന്നിരിക്കുകയാണ് നമ്മളെ ജ്ഞാന സൂര്യവംശത്തിലേതാക്കി മാറ്റാൻ. നമ്മുടെ ലക്ഷ്യം തന്നെ ഇതാണ്.

## വരദാനം:- വിഘ്നങ്ങളെ മനസ്സിനെ രമിപ്പിക്കുന്ന കളിയെന്ന് മനസ്സിലാക്കി മറികടക്കുന്ന നിർവിഘ്ന, വിജയിയായി ഭവിക്കട്ടെ.

വിഘ്നം വരിക എന്നത് നല്ല കാര്യമാണ് പക്ഷെ വിഘ്നത്തിനോട് തോൽവി വാങ്ങരുത്. വിഘ്നം വരുന്നത് തന്നെ ശക്തിശാലിയാക്കി മാറ്റാനാണ്, അതിനാൽ വിഘ്നങ്ങളിൽ പരിഭ്രമിക്കുന്നതിന് പകരം അവയെ മനസ്സിനെ രമിപ്പിക്കുന്നതിനുള്ള കളിയാണെന്ന് മനസ്സിലാക്കി മറി കടക്കൂ, അപ്പോൾ പറയാം നിർവിഘ്ന വിജയി. സർവ്വശക്തിവാനായ അച്ഛൻ കൂടെയുള്ളപ്പോൾ പരിഭ്രമിക്കേണ്ട യാതൊരു കാര്യമേയില്ല. കേവലം ബാബയുടെ ഓർമ്മയിലും സേവനത്തിലും ബിസിയായിരിക്കൂ എങ്കിൽ നിർവ്വിഘ്നരായിരിക്കാം. ബുദ്ധി ഫ്രീയായിരിക്കുമ്പോഴാണ് വിഘ്നം അഥവാ മായ വരുന്നത്, ബിസിയായിരിക്കുകയാണെങ്കിൽ  വിഘ്നം വഴിമാറിപ്പോകും.

## സ്ലോഗൻ:- സുഖത്തിന്റെ അക്കൗണ്ട് നിക്ഷേപിക്കുന്നതിന് വേണ്ടി നിയമാനുസൃതം ഹൃദയം കൊണ്ട് എല്ലാവർക്കും സുഖം കൊടുക്കൂ.